KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Rebuild Wayanad /2024 — തീയതി: 01/10/2024

## പരിപത്രം

വിഷയം:-റീബിൽഡ് വയനാട് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരിൽ നിന്നും അഞ്ച് ദിവസത്തെ ശമ്പളം സംഭാവന ചെയ്യുന്നത് - മുൻ പരിപത്രത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്.

സൂചന -1. 16.08.2024 തീയതിയിലെ ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ സ.ഉ. (അ) നം.70/2024/ധന നമ്പർ ഉത്തരവ്.
2. No. PS1 (B)/Rebuild Wayanad /2024 തീയതി 24.08.2024 പ്രകാരമുള്ള പരിപത്രം
3. WP (C) No. 32210/2024 എന്ന കേസിലെ 11.09.2024 തീയതിയിലെ ഉത്തരവ്.
4. No. PS1 (B)/Rebuild Wayanad /2024 തീയതി 26.09.2024 പ്രകാരം ഡയറക്ടർ (ഫിനാൻസ് & എച്ച്.ആർ.എം) ന സമർപ്പിച്ച കുറിപ്പ്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടേയും മറ്റുള്ളവരുടേയും അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് മേൽ സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് മേൽ സൂചന (2) പ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾച്ചേർത്ത് പരിപത്രം പുറപ്പെടുവിച്ച് ഉത്തരവായിരുന്നു.

എന്നാൽ മേൽ സൂചന (3) പ്രകാരമുള്ള കോടതി ഉത്തരവിൽ "there will be an interim stay of all proceedings pursuant to Ext. P3 to the extent of seeking dissent letter" എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് പരിഗണിച്ച് സൂചന (2) പ്രകാരമുള്ള പരിപത്രത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ 5-)ം മത്തെ വ്യവസ്ഥ ഒഴിവാക്കി പകരം മേൽ സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളിലെ 3-)ം മത്തെ വ്യവസ്ഥയായ **തുക ഈടാക്കുന്നതിനായി ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന ഒരു സമ്മതപത്രം ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട എ .ആർ.യു തലവൻമാർ സ്വീകരിച്ചിരിക്കേണ്ടതാണ്** എന്ന വ്യവസ്ഥ ഉൾചേർത്ത് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സൂചന (2) പ്രകാരമുള്ള മുൻ പരിപത്രത്തിലെ വ്യവസ്ഥ (5) ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾക്ക് മാറ്റം ഇല്ലാത്തതാകുന്നു.

## സമ്മതപത്രത്തിന്റെ മാതൃക

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനയായി എന്റെ .................. ദിവസത്തെ ശമ്പളത്തിന് തുല്യമായ തുക (മേൽ ഉത്തരവിലെ ഖണ്ഡിക നമ്പർ ........ .. പ്രകാരം) ചുവടെ സൂചിപ്പിക്കും വിധം നൽകാൻ എനിക്ക് സമ്മതമാണ്.

(2024 ഒക്ടോബറിൽ /നവംബറിൽ വിതരണം ചെയ്യുന്ന സെപ്റ്റംബർ /ഒക്ടോബർ മാസത്തെ ശമ്പളം മുതൽ).

1. 9/2024.........ദിവസം, 10/2024......ദിവസം, 11/2024.......ദിവസം, 12/2024........ദിവസം, 01/2025........ദിവസം, 02/2025..........ദിവസം, 03/2025.......ദിവസം, 04/2025.......ദിവസം, 05/2025........ദിവസം എന്ന ക്രമത്തിൽ ഗഡുക്കളായി പിടിക്കാവുന്നതാണ്.

2. ശമ്പളത്തിൽ നിന്നും മാസഗഡുക്കൾ പിടിക്കുന്നതിനാൽ ആയത് കഴിയുന്നത് വരെ എന്റെ ജി.പി.എഫ് വരിസംഖ്യയിൽ നിന്നും.......... രൂപ കുറയ്ക്കണം.

3. എന്റെ ശമ്പളത്തിൽ നിന്നും ........... മാസ ഗഡുക്കളായി സി.എം.ഡി.ആർ.എഫ് – ലേയ്ക്ക് തുക കുറവ് ചെയ്യാൻ സമ്മതിച്ചതിനാൽ പ്രസ്തുത കാലയളവിലെ എന്റെ പി .എഫ് വായ്പയുടെ തിരിച്ചടവ് മരവിപ്പിക്കാവുന്നതാണ്.

4. ഈ വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് തുക ഞാൻ സി .എം.ഡി.ആർ.എഫ് – ലേയ്ക്ക് സംഭാവന ചെയ്യുന്നതാണ്. ആയതിലേക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

5. എന്റെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും എൻ.ആർ.എ ആയി തുക പിൻവലിച്ച് സി.എം.ഡി.ആർ.എഫ് – ലേയ്ക്ക് സംഭാവന ചെയ്യുന്നതാണ്. ആയതിലേക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സ്ഥലം:

തീയതി:

ജീവനക്കാരന്റെ ഒപ്പ്:

തസ്തിക:

ഓഫീസ്:

**ഒപ്പ്**

**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി & എസ്.സി.എം )/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/ പി. എ ടു ഡയറക്ടർ (ഫിനാൻസ് & അഡീഷണൽ ചാർജ്ജ് ഓഫ് എച്ച്.ആർ.എം) /എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്